

# കടുപ്പശ്ശേരി തിരുഹൃദയ ഇടവക

20-ാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിന്റെ ആരംഭത്തിലാണ് കടുപ്പശ്ശേരിയിലെ ജനങ്ങൾ ഒരു ദേവാലയത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയത്. 1922 ഫെബ്രുവരിയിൽ 'കടുപ്പശ്ശേരി റോമൻ കത്തോലിക്ക ക്രിസ്തീയ സമാജം' എന്ന പേരിൽ ഒരു സമിതി രൂപീകരിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ 1924-ൽ ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങുകയും ചെയ്തു. തുടർന്ന് ഈ സ്ഥലത്ത് ഒരു ദേവാലയം പണിയുന്നതിനുള്ള ശ്രമമാരംഭിച്ചു. വെളയനാട് ഇടവകയുടെ പരിധിയിലായിരുന്നു ഈ പ്രദേശം.

## അനുവാദവും നിർമ്മാണവും

അന്നത്തെ വെളയനാട് പള്ളിവികാരി ഫാ. തേക്കാനത്ത് കാരാത്ര ഔസേപ്പച്ചന്റെയും സമിതിയുടെയും നിസ്വാർത്ഥ സേവനത്തിന്റെ ഫലമായി 1926 നവംബർ 29-ാം തിയ്യതി കൊച്ചി സർക്കാരിന്റെ 1102-ാം നമ്പർ കല്പനപ്രകാരവും തൃശ്ശൂർ രൂപതയുടെ മെത്രാനായിരുന്ന ഫ്രാൻസിസ് വാഴപ്പിള്ളി പിതാവിന്റെ 469-ാം നമ്പർ കല്പനപ്രകാരവും 1928-ൽ കുടപ്പശ്ശേരിയിൽ ഒരു ദേവാലയം രൂപംകൊണ്ടു.

## ഇടവക

1929 ഏപ്രിൽ 4-ാം തിയ്യതി 407/29-ാം നമ്പർ കല്പനപ്രകാരം ഈ ദേവാലയത്തെ ഇടവകപ്പള്ളിയായി ഉയർത്തി. കടമുള്ള ദിവസങ്ങളിൽ മാത്രം തിരുക്കർമ്മങ്ങൾ നടത്തുവാനും പള്ളിഭരണം നടത്തുവാനും അവിട്ടത്തൂർ പള്ളിയിലെ വികാരിമാരേയും തുമ്പൂർ മഠം കപ്ലോൻമാരേയും നിയമിച്ചുപോന്നു.

## വൈദികമന്ദിരം, എൽ.പി. സ്ക്കൂൾ

ഈ കാലഘട്ടത്തിൽ ഇടവകക്കാരിൽ ചില വ്യക്തികൾ സ്വന്തം ഉത്തരവാദിത്വത്തിൽ പള്ളിക്കുവേണ്ടി ചില കുറികൾ നടത്തി ഉണ്ടാക്കിയ വരുമാനംകൊണ്ടാണ് ഇന്നുള്ള വൈദിക മന്ദിരവും മൂന്ന് ക്ലാസ്സുകൾ വരെ നടത്താവുന്ന തിരുഹൃദയ നാമത്തിലുള്ള ഒരു സ്ക്കൂൾ കെട്ടിടവും നിർമ്മിക്കാനായത്. അങ്ങനെ 1949-ൽ പള്ളിയുടെ മാനേജ്മെന്റിൽ എസ്.എച്ച്.എൽ.പി.സി. സ്ക്കൂൾ രൂപംകൊണ്ടു.



എസ്.എച്ച്.എൽ.പി.സി. സ്ക്കൂൾ



വൈദിക മന്ദിരം

## സ്ഥിരം വികാരി

1953-ൽ ഈ ഇടവകയ്ക്ക് ഒരു സ്ഥിരം വികാരിയെ അനുവദിച്ചുകിട്ടി. അങ്ങിനെ ദിവസേന കുർബാന ആരംഭിക്കുകയും ഇടവകയുടെ ആദ്ധ്യാത്മിക വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്തു. ഇടവകയ്ക്ക് മൂന്ന് കപ്പേളകൾ ഉണ്ട്. കടുപ്പശ്ശേരി കോളനിയ്ക്കു സമീപമുള്ള കപ്പേളയും പള്ളിയുടെ എതിർവശത്തുള്ള കപ്പേളയും വൈദികമന്ദിരത്തിനു മുമ്പിലുള്ള പരി. മാതാവിന്റെ സ്തംഭവും (1953) ഇടവകക്കാരായ ചില വ്യക്തികളുടെ സംഭാവനയാണ്. തുമ്പൂർ സെന്ററിലുള്ള കപ്പേള ഇടവകക്കാരിൽ നിന്ന് സംഭാവന പിരിച്ച് പണികഴിപ്പിച്ചതാണ്.

## ഇപ്പോഴത്തെ പള്ളി

ഇടവക ആരംഭിച്ചപ്പോൾ 94 വീട്ടുകാരേ ഉണ്ടായിരുന്നുള്ളൂവെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ഇടവകക്കാരുടെ എണ്ണം ക്രമത്തിൽ വർദ്ധിക്കുകയും പള്ളിക്കെട്ടിടവും സിമിത്തേരിയും വലുതാക്കി പണിയാതെ നിവൃത്തിയില്ലെന്ന പരിതസ്ഥിതിയിലാകുകയും ചെയ്തു. അതിന്റെ ഫലമായി അന്നത്തെ വികാരിയായിരുന്ന ബഹു. ജേക്കബ് പുലിക്കോട്ടിലച്ചന്റെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ കേന്ദ്രീകരിച്ചു. സിമിത്തേരിയാണ് ആദ്യം പൊളിച്ചുപണിതത്. പിന്നീടായിരുന്നു പള്ളി പുതുക്കിപ്പണിയുകയെന്ന സംരംഭം. 1965 ആഗസ്റ്റ് 15-ാം തിയ്യതി പുതുക്കിയ പള്ളിയുടെ വെഞ്ചരിപ്പു കർമ്മം അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് തിരുമേനി നിർവ്വഹിച്ചു. 1977-ൽ സിമിത്തേരി പുതുക്കി വലുതാക്കുകയും അതിൽ ഒരു കപ്പേള സ്ഥാപിക്കുകയും ചെയ്തു. 1995-ൽ വടക്കേ കപ്പേളയും തെക്കേ കപ്പേളയും പുതുക്കിപ്പണിത് മനോഹരമാക്കി.

## ക്രിസ്തുദാസി സിസ്റ്റേഴ്സ്

2000 സെപ്റ്റംബർ 29-ാം തിയ്യതി രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ അനുവാദത്തോടും അനുഗ്രഹത്തോടും കൂടി ഇടവക വികാരിയായിരുന്ന ബഹു. ബെന്നി കരിമാലിക്കലച്ചന്റെ നേതൃത്വത്തിൽ ക്രിസ്തുദാസിസമൂഹം പ്രവർത്തനത്തിന് ആരംഭം കുറിച്ചു. പിന്നീട് അവർ പള്ളിക്ക് സമീപം സ്ഥലം വാങ്ങി കോൺവെന്റ് പണിതു.



ക്രിസ്തുദാസി കോൺവെന്റ്

## ഇടവക ഇന്ന്

408 കുടുംബങ്ങളുള്ള ഈ ഇടവകയെ 12 യൂണിറ്റുകളായി വിഭജിച്ച് വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് രൂപം നല്കുന്നു. കൂടാതെ മതബോധനം, അൾത്താരസംഘം, സി.എൽ.സി., മാതൃസംഘം, ജീസ്സസ് യൂത്ത്, മരണസഹായനിധി, സോഷ്യൽ ആക്ഷൻ, സി.വൈ.എം. എന്നീ സംഘടനകളും പ്രവർത്തിക്കുന്നു. ഇടവകയിൽ നിന്നുള്ള വൈദികരും സന്യസ്തരും കേരളത്തിനകത്തും പുറത്തുമായി വിവിധ രംഗങ്ങളിൽ തീക്ഷ്ണതയോടെ സമർപ്പിതരായി മുന്നേറുന്നു.

## ദേവാലയ നവീകരണം

മോടിപിടിപ്പിച്ച ദേവാലയം ഇടവകയുടെ വിശ്വാസത്തിന് പുത്തൻ ഉണർവ് പകർന്നു. 2003-ൽ അതിന് നേതൃത്വം നല്കിയത് വികാരി ബഹു. ജോളി വടക്കനച്ചനാണ്. ഭവനരഹിതർക്ക് മൂന്ന് ഭവനങ്ങൾ സൗജന്യമായി നല്കി.

2005-ൽ പള്ളിയുടെ ഫ്ളോറിങ്ങ്, അൾത്താര നവീകരണം എന്നിവ ബഹു. ഡേവിസ് കൂട്ടാലയച്ചന്റെ നേതൃത്വത്തിലാണ് നടന്നത്. വെള്ളിയാഴ്ചകളിലെ തിരുഹൃദയ നൊവേനത്തിരുന്നാളിന് ആരംഭം കുറിച്ചത് ബഹു. ഡേവിസ് കൂട്ടാലയച്ചനാണ്.

## പാരിഷ്ഹാൾ



പാരിഷ് ഹാൾ

25.06.2006-ൽ ശിലാസ്ഥാപനം നടത്തി 6 മാസം കൊണ്ട് പൂർത്തീകരിച്ച പാരിഷ്ഹാൾ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 23.12.2003-ൽ ആശീർവദിച്ചു. ആയതിന് ശക്തമായ നേതൃത്വം നല്കിയത് വികാരി ബഹു. ഡേവിസ് കൂട്ടാലയച്ചനായിരുന്നു. 2008



വടക്കെ കപ്പേള

ജനുവരി 3-ാം തിയ്യതിയാണ് ബഹു. ജോസ് പഴയാറ്റിലച്ചൻ വികാരിയായി സേവനം ആരംഭിച്ചത്.



പള്ളിക്കുമുൻവശത്തെ കപ്പേള



സ്തംഭം



തെക്കെ കപ്പേള